**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2682** **24-02-2026 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കോട്ടക്കൽ മണ്ഡലത്തിലെ എത്ര നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | മണ്ണഴി-കോട്ടപ്പറം നഗർ (2021-22), മൂർദ്ധാവ് നഗർ (2024-25) എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഓരോ നഗറിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ; നിലവിൽ എത്ര നഗറുകളിൽ പദ്ധതി പൂർത്തിയായെന്ന് വ്യക്തമാക്കാമോ; | (ബി) | മണ്ണഴി-കോട്ടപ്പറം നഗർ നവീകരണത്തിൽ 38 വീടുകളുടെ പുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമ്മാണം (1), ഇന്റേണൽ റോഡ് ആന്റ് ഫുട്ട്പാത്ത് നിർമ്മാണം (2) എന്നീ പ്രവർത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 99,99,533/- രൂപയാണ് അടങ്കൽ തുക. മൂർദ്ധാവ് നഗറിൽ 1 കോടി രൂപ വരെയുള്ള പ്രവർത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി തയ്യാറാക്കിവരുന്നു. |
| (സി) | പദ്ധതി പൂർത്തീകരിക്കാത്ത നഗറുകളിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഏതെങ്കിലും പ്രവൃത്തികളിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മണ്ണഴി-കോട്ടപ്പറം നഗറിലെ ഭവനപുനരുദ്ധാരണം പുരോഗതിയിലാണ്. ടോയ്‌ലറ്റ് നിർമ്മാണ പ്രവർത്തി ആരംഭിച്ചിട്ടില്ല. ഇന്റേണൽ റോഡ് ആന്റ് ഫൂട്ട്പാത്ത് 150 മീറ്റർ പ്രവർത്തിയുടെ 130 മീറ്റർ ഫോർമേഷൻ പൂർത്തിയായി. ഇന്റേണൽ റോഡ് വർക്കിന്റെ സൈഡ് പ്രൊട്ടക്ഷൻ 60% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തികൾ നടപ്പിലാക്കുന്നതിൽ തടസ്സങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ